# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ 2131

05/05/2017 -ൽ മറുപടിയ്ക്ക്.

## പാൽ ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ

| <u>ചോദ്യം</u> | | <u>ഉത്തരം</u> | |
|---|---|---|---|
| ശ്രീ.യു.ആർ.പ്രദീപ് | | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രതിദിനം എത്ര ലിറ്റർ പാലിന്റെ ആവശ്യകതയാണുള്ളത്; ഇതിൽ എത്ര ലിറ്റർ ഇവിടെ ഉല്പാദിപ്പിക്കുന്നുണ്ടെന്ന് അറിയിക്കാമോ? | (എ) | ഏകദേശം 87 ലക്ഷം ലിറ്റർ പാൽ പ്രതിദിനം ആവശ്യമുണ്ട്. ഇതിൽ പ്രതിദിനം ഏകദേശം 78 ലക്ഷം ലിറ്റർ പാൽ ആഭ്യന്തരമായി ഉത്പാദിപ്പിക്കപ്പെടുന്നു എന്ന് കണക്കാക്കിയിരിക്കുന്നു. |
| (ബി) | കടുത്ത വേനൽ കാരണം ഉല്പാദനത്തിൽ ശരാശരി എത്ര ലിറ്റർ കുറവ് വന്നിട്ടുണ്ട്; | (ബി) | പാലുല്പാദനത്തിൽ ഗണ്യമായ കുറവ് വന്നിട്ടില്ല.കടുത്ത വേനൽ അനുഭവപ്പെട്ട ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ മിൽമയുടെ ആഭ്യന്തര സംഭരണത്തിൽ ഏതാണ്ട് 4.62 ശതമാനം കുറവുണ്ടായിട്ടുണ്ട്.എന്നാൽ ഏപ്രിൽ മാസത്തിൽ മിൽമയുടെ ആഭ്യന്തര സംഭരണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. |

(സി) പാൽ ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ ?

(സി) കടുത്ത വേനൽ കാരണം പാൽ ക്ഷാമം പരിഹരിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് സ്വീകരിച്ച നടപടികൾ പ്രധാനമായും താഴെപറയുന്നവയാണ്

1. പാൽ വില ലിറ്ററിന് 4 രൂപ വർദ്ധിപ്പിക്കുയും ഇതിൽ 3.35 രൂപയും ക്ഷീരകർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

2. കടുത്ത വരൾച്ചയെത്തുടർന്ന് പച്ചപ്പുല്ലിന്റെയും വൈക്കോലിന്റെയും ക്ഷാമവും വിലവർദ്ധനവും പരിഹരിക്കുന്നതിനായി സംസ്ഥാനത്തെ തെരഞ്ഞെടുത്ത ക്ഷീര സംഘങ്ങളിലൂടെ ക്ഷീരകർഷകർക്ക് മിതമായ നിരക്കിൽ പച്ചപ്പുല്ലും വൈക്കോലും വിതരണം ചെയ്യുന്നതിന് 35 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി

3. ക്ഷീരകർഷകർക്ക് സംഘത്തിലളക്കുന്ന പാലിന് ആനുപാതികമായി ഒരു ലിറ്റർ പാലിന് ഒരു രൂപയുടെ കാലിത്തീറ്റ സബ്സിഡി അനുവദിക്കുകയും ഇതിനായി 13.5 കോടി രൂപ കർഷകർക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

4.കറവപശുക്കൾ വാങ്ങുന്നതിനായി ബാങ്ക് വായ്പ എടുക്കുകയും തിരിച്ചടക്കാനാകാതെ ജപ്തി ഭീഷണി നേരിടുകയും ചെയ്ത കർഷകരെ സഹായിക്കുന്നതിനായി 5 കോടി രൂപയുടെ കാർഷിക കടാശ്വാസ പദ്ധതി നടപ്പിലാക്കി. ഇതിന്റെ ഭാഗമായി ഒരു കർഷകന് ഒരു കറവ പശുവിന് 20,000/- രൂപയും പരമാവധി ഒരു ലക്ഷം രൂപ വരെയും ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. ഇതിന്റെ പ്രയോജനം 2285 കർഷകർക്ക് ലഭിച്ചിട്ടുണ്ട്.

5. ക്ഷീരകർഷകരെ ഈ മേഖലയിൽ നിലനിർത്തുന്നതിനു വേണ്ടി വേനൽക്കാല ഇൻസെന്റീവ്, കുറഞ്ഞ നിരക്കിൽ വൈക്കോൽ, കാലിത്തീറ്റയ്ക്ക് പ്രത്യേക ഡിസ്കൗണ്ട് തുടങ്ങി വിവിധ പദ്ധതികൾ ഫെഡറേഷനും മേഖലാ യൂണിയനുകളും നടപ്പിലാക്കി കർഷകരുടെ സംഭരണ വിലയിൽ വർദ്ധനവ് നൽകി.
6. പാൽക്ഷാമം ഉണ്ടായ അവസരങ്ങളിൽ വിപണി നിലനിർത്തുന്നതിനായി കർണ്ണാടക/തമിഴ്നാട് ഡയറി ഫെഡറേഷനുകളിൽ നിന്നും പാൽ വാങ്ങിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.